**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 912** **09-10-2024 - ൽ മറുപടിയ്ക്ക്**

**കൊമ്മേരിയിൽ വീട്ടുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിൽ കൊമ്മേരി ഗവൺമെന്റ് എൽ.പി. സ്കൂളിന് സമീപത്തെ വീട്ടുകൾക്ക് ഭീഷണിയായി നിൽക്കുന്ന വനം വകുപ്പിന് കീഴിലുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൊമ്മേരി ഗവൺമെന്റ് എൽ.പി. സ്കൂളിന് സമീപത്തെ വീട്ടുകൾക്ക് ഭീഷണിയായി നിൽക്കുന്നതും 1965 തേക്ക് -മൃദുമരത്തോട്ടത്തിന്റെ ബെൽറ്റ് പ്ലാന്റേഷന്റെ ഭാഗമായതുമായ 6 മഹാഗണി മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനും, 11 മഹാഗണി മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനുമായി 2024 മെയ് മാസം 24,27,29 തീയതികളിലും, 2024 ജൂൺ മാസം 12,15,19 തീയതികളിലുമായി ഓപ്പൺ ടെണ്ടറും, 2024 സെപ്റ്റംബർ മാസം 13,27 തീയതികളിൽ എം.എസ്.ടി.സി മുഖേന ഓൺലൈൻ ലേലവും നടത്തിയെങ്കിലും ആരുംതന്നെ ലേലത്തിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് മേൽ പ്രവൃത്തി ചെയ്യുന്നതിനായി തദ്ദേശീയരിൽ നിന്ന് ദർഘാസ് ക്ഷണിച്ചതിൽ മൂന്നു പേർ പങ്കെടുക്കുകയും, ആയതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ദർഘാസ് നൽകിയ ആൾക്ക് പ്രവൃത്തി ചെയ്യുവാൻ അനുവാദം നൽകി 04.10.2024 തീയതിൽ ഉത്തരവായിട്ടുള്ളതും മരങ്ങൾ എത്രയും വേഗം മുറിച്ചുനീക്കം ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രശ്നം എത്രയും വേഗം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൊമ്മേരി ഗവൺമെന്റ് എൽ.പി. സ്കൂളിന് സമീപത്തെ വീട്ടുകൾക്ക് ഭീഷണിയായി നിൽക്കുന്നതും 1965 തേക്ക് -മൃദുമരത്തോട്ടത്തിന്റെ ബെൽറ്റ് പ്ലാന്റേഷന്റെ ഭാഗമായതുമായ 6 മഹാഗണി മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനും, 11 മഹാഗണി മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനുമായി 2024 മെയ് മാസം 24,27,29 തീയതികളിലും, 2024 ജൂൺ മാസം 12,15,19 തീയതികളിലുമായി ഓപ്പൺ ടെണ്ടറും, 2024 സെപ്റ്റംബർ മാസം 13,27 തീയതികളിൽ എം.എസ്.ടി.സി മുഖേന ഓൺലൈൻ ലേലവും |

| | | | |
|---|---|---|---|
| | | | നടത്തിയെങ്കിലും ആരുംതന്നെ ലേലത്തിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് മേൽ പ്രവൃത്തി ചെയ്യുന്നതിനായി തദ്ദേശീയരിൽ നിന്ന് ദർഘാസ് ക്ഷണിച്ചതിൽ മൂന്നു പേർ പങ്കെടുക്കുകയും, ആയതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ദർഘാസ് നൽകിയ ആൾക്ക് പ്രവൃത്തി ചെയ്യുവാൻ അനുവാദം നൽകി 04.10.2024 തീയതിൽ ഉത്തരവായിട്ടുള്ളതും മരങ്ങൾ എത്രയും വേഗം മുറിച്ചുനീക്കം ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ